ഐ. പി. സി.

11-ാമത്

# നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസ്

**Wyndham Orlando Resorts, Orlando, Florida.**

തീം : ആമോസ് 4:12

**July 26 - 29, 2012**

## നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക

## ഒർലാൻഡോയിലേക്ക് സ്വാഗതം



**പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ**
**നാഷണൽ കൺവീനർ**

വൈപരീത്യം കൊണ്ടും മൂല്യാവബോധം കൊണ്ടും ലക്ഷ്യം കൊണ്ടും സമാനതകളുള്ള ഒരു പറ്റം പെന്തക്കോസ്തു വിശ്വാസികളുടെ കൂട്ടായ്മയാണ് ഐ. പി. സി. എന്ന ബൃഹത് പ്രസ്ഥാനം. ഒരു ആഢ്യത്വമുള്ള കുടുംബത്തിന്റെ അടിസ്ഥാന ഗുണങ്ങളായ പരസ്പര ബഹുമാനം, സഹകരണ സന്നദ്ധത, ആത്മാർത്ഥ സ്നേഹം എന്നിവ നമ്മുടെ മുഖമുദ്രയാണ്. ഇന്ന് അമേരിക്കയിലുള്ള നമ്മുടെ സഭകൾ സ്വതന്ത്രമായിരിക്കുന്നതുപോലെ കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിൽ മദ്ധ്യതിരുവതാംകൂറിൽ പല ഗ്രാമങ്ങളിലായി ഉടലെടുത്ത സ്വതന്ത്ര പെന്തക്കോസ്തു സഭകളുടെ കൂട്ടായ്മയാണ് തുടർന്ന് തെന്നിന്ത്യാ പെന്തെക്കോസ്തു സഭയായും പിന്നീട് ഇൻഡ്യാ പെന്തക്കോസ്തു സഭയായും വളർന്നു പന്തലിച്ചത്. ഒറ്റപ്പെട്ടു കിടന്നിരുന്നവരുടെ കൂട്ടായ്മ, വ്യക്തികൾക്കും സഭകൾക്കും ദൈവം അവർക്കു നല്കിയ ശുശ്രൂഷാ വേദികൾ വിശാലമാക്കുവാനും, പരസ്പരം പഠിപ്പിച്ചും സഹകരിച്ചും ആത്മീകവർദ്ധനയിലും സംഘടനാപരമായും വളരുവാൻ കളമൊരുക്കി.

അമേരിക്കയിൽ മാത്രമാണ് നമ്മുടെ ദേശീയ സമ്മേളനം രണ്ടു വർഷത്തിലൊരിക്കലായി പരിമിതപ്പെടുത്തിയിരിക്കുന്നത്. വിവിധ പ്രസ്ഥാനങ്ങളിൽപെട്ട നമ്മുടെ പ്രിയപ്പെട്ടവരുമായുള്ള സംയുക്ത സമ്മേളനങ്ങളുടെ വിജയകരമായ നടത്തിപ്പിനായി അവസരം ഒരുക്കുവാനാണ് നാം ഈ നിലപാടു കൈക്കൊണ്ടത്. ഈ വർഷം മുതൽ ജൂലൈ മാസം ഒടുവിലായി ഇതിന്റെ തീയതി നിജപ്പെടുത്തിയിരിക്കയാണ്. നോർത്ത് അമേരിക്കയിലെവിടെയുള്ളവർക്കും വന്നു സംബന്ധിക്കുവാൻ വേനൽക്കാല അവധി കണക്കിലെടുത്താണ് ഇങ്ങനെ നിശ്ചയിച്ചത്. നമ്മുടെ ഭാവി നമ്മുടെ യുവതലമുറയിലാണ്. ഈ സമ്മേളനം അവർക്ക് ആവോളം പ്രോത്സാഹനവും സ്വാതന്ത്ര്യം നൽകുന്നുണ്ട്. നിന്റെ ദൈവത്തെ എതിലേൽപ്പാൻ ഒരുങ്ങിക്കൊൾക എന്നതാണ് ചിന്താവിഷയം. ഈ ആത്മീക സംഗമം നമുക്കേവർക്കും അനുഗ്രഹമാകുവാൻ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. ഐ. പി. സി.യിൽ വേരുകളുള്ള എല്ലാവരുടേതുമാണ് ഈ കോൺഫറൻസ്. വലിയ പ്രതീക്ഷയോടും ഉത്സാഹത്തോടും കൂടെ നാഷണൽ ലോക്കൽ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. എല്ലാവരുടേയും സഹകരണവും സാന്നിദ്ധ്യവും ക്ഷണിക്കുന്നു.

## പ്രസംഗകർ



Rev. Babu Cherian



Rev. T. D. Babu



Rev. Valson Abraham



Rev. William Lee



Sis. Nilita Theo
Women's Session

Youth Co - Ordinator




Andrew Antony

Philo Mathew



Ladies Co - Ordinator



Phil Wickham
Praise & Worship



Rev.Mathew Barnett
Youth Session

നാട്ടിൽ നിന്നും,
വിദേശത്തുനിന്നുമുള്ള
അന്താരാഷ്ട്ര നിലവാരമുള്ള
പ്രസംഗകർ
ചിന്താവിഷയം
ആസ്പദമാക്കിയുള്ള
വചന ശുശ്രൂഷ
മുതിർന്നവർക്കും,
യുവജനങ്ങൾക്കും
പ്രത്യേകം മീറ്റിംഗുകൾ
അത്യാധുനിക സൗകര്യമുള്ള
ഹോട്ടലിൽ നാലുപേർ
അടങ്ങുന്ന ഫാമിലിക്ക് ഒരു
ദിവസത്തേക്ക് വെറും
65 ഡോളർ
സ്പോർട്ട്സ്
സംഗീത സായാഹ്നം
കാത്തിരിപ്പു യോഗം
സെമിനാർ

## Time to Reunite

**Bro. George Samuel (National Treasurer)**



It gives me great joy to announce that after months of prayer and planning, we are very excited with the response from our fellow believers scattered in and around USA and Canada.

To encourage more people to attend, we are continuing to give out discounted rates for your comfortable stay.

We have also set up online registration on our website at **www.ipcfamilyconference.org**. We have made every effort to formulate a pricing plan that will suit your budget. We are committed to make sure that all arrangements are made to make your stay at the conference a memorable and pleasant experience.

Despite all the arrangement being made, I am reminded from the Word of God that all our efforts will be in vain unless the Lord's hand and favor are with us. I urge all our believers to uphold this conference in your prayers and encourage one another to come and attend. This is a conference for you and your family together. Take this time to reunite with old friends and make new ones. We will once again prepare ourselves to meet our Lord and Savior Jesus Christ. See you all there in Orlando.

## ഒർലാൻഡോ ഒരുങ്ങുന്നു

**സാം തോമസ് (നാഷണൽ സെക്രട്ടറി)**



അമേരിക്കൻ ഐക്യനാടുകളിൽ ചിതറിപ്പാർക്കുന്ന ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയിലെ ദൈവമക്കളുടെ ആത്മീയ സംഗമമായ ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ പതിനൊന്നാമതു സമ്മേളനം 2012 ജൂലൈ 26–29 വരെ ഫ്ളോറിഡായിലെ ഒർലാൻഡോ പട്ടണത്തിൽ വെച്ച് നടക്കുകയാണ്. വിനോദ സഞ്ചാരികളുടെ പറുദീസാ എന്ന നിലയിൽ പ്രശസ്തമായ ഒർലാൻഡോ പട്ടണം നമ്മുടെ സമ്മേളനത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

“നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക്ക” (Amos 4:12) എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി ദൈവവചനം സംസാരിക്കുവാൻ അഭിഷക്തരായ ദൈവദാസന്മാർ ഈ സമ്മേളനത്തിൽ കടന്നുവരുന്നതായിരിക്കും. ഈ സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനായി പരിചയ സമ്പന്നരായ നാഷണൽ, ലോക്കൽ കമ്മറ്റികൾ ഒത്തൊരുമിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മുതിർന്നവർക്കും യുവജനങ്ങൾക്കും, കുട്ടികൾക്കും പ്രത്യേകം പ്രത്യേകം മീറ്റിംഗുകൾ ഉണ്ടായിരിക്കുന്നതാണ്. ഇതര കോൺഫറൻസുകളിൽ നിന്നും വ്യത്യസ്തമായി യുവജനങ്ങൾക്ക് പ്രാധാന്യം നൽകി ശക്തമായ ഒരു ഭാവി നേതൃത്വത്തെ വാർത്തെടുക്കുവാൻ ഈ സമ്മേളനം കൊണ്ട് കഴിയണം എന്നതാണ് ഞങ്ങളുടെ ആഗ്രഹം. ഈ അനുഗ്രഹിക്കപ്പെട്ട സമ്മേളനത്തിൽ നമുക്ക് ഒരുമിച്ച് പങ്കെടുക്കാം.

## ഇത് ആത്മീയ സംഗമം

**രാജൻ ആര്യപ്പള്ളിൽ**
**മീഡിയ കോർഡിനേറ്റർ**



അമേരിക്കയിലും കാനഡയിലുമായി വളർന്നു പന്തലിച്ച ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭയിലെ വിശ്വാസികളും ശുശ്രൂഷകരും ഒത്തുചേർന്നുള്ള ആദ്യ ദേശീയ സമ്മേളനം 1999 ജൂൺ 24 മതൽ 27 വരെ ന്യൂയോർക്കിൽ നടന്നു. പാസ്റ്റർ കെ. വി. കുര്യൻ പ്രഥമ കൺവീനറായിരുന്നു. ഇപ്പോൾ ഒർലാന്റോയിൽ നടക്കുവാൻ പോകുന്നത് പതിനൊന്നാമത് ഐ. പി. സി. ഫാമിലി കോൺഫറൻസാണ്. ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. ദൈവജനം ഒത്തൊരുമിച്ച് കർത്താവിനെ ആരാധിക്കുന്ന സന്തോഷത്തിന്റെ ദിനങ്ങൾ. അതിനായി പ്രാർത്ഥനയോടെ ഒരുങ്ങാം. ഒർലാന്റോയിലേക്ക് സ്വാഗതം.

**For Online Registration**
Visit:http:/
registration.ipcfamily
conference.org

**For More Details**
Rev. James George Oommen
863 - 409 - 2735
Bro. Sam Thomas
516 - 967 - 2307

**E-mail**
convenor@ipcfamily
conference.org
secretary@
ipcfamilyconference.org